ഉത്തരം

(എ) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 4.5 മുതൽ 5 ലക്ഷം വരെ ജനസംഖ്യയും വേണം. ഇതുകൂടാതെ സാമൂഹികമായും ഭൂമിശാസ്ത്രപരവുമായ പിന്നോക്കാവസ്ഥ എന്നിവയും പരിഗണിക്കാറുണ്ട്.

(ബി) താലൂക്ക് പുനഃസംഘടന നടത്തുമ്പോൾ ഇക്കാര്യം പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

ലീസ് തുക പുനർ നിർണ്ണയം

59 (1616) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഭൂമി മുൻപ് ലീസിൽ നൽകിയിരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇപ്പോൾ ലീസ് തുക പുനഃനിർണ്ണയം ചെയ്തു നൽകുകയുണ്ടായോ ; എങ്കിൽ അതിന്റെ വില നിശ്ചയിച്ചത് ഏത് മാനദണ്ഡ പ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്പോൾ പുനർനിർണ്ണയം ചെയ്തിട്ടുള്ള ലീസ് തുക വളരെ കൂടുതലാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉവ്വ്. ഗ്രാമപ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങൾ പ്രകാരമുള്ള ജി.ഒ. (എം.എസ്) 1026/85/റവ. അനുസരിച്ചും, മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ജി.ഒ. (പി) 566/95/റവ. തീയതി 13-11-1995 അനുസരിച്ചുമാണ്.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചു വരുന്നു. നടപടിക്രമം പൂർത്തിയായിട്ടില്ല.

പിറവം കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരണം

60 (1617) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം കേന്ദ്രമായി പുതിയ താലൂക്ക് രൂപീകരിക്കണം എന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) താലൂക്ക് പുനഃസംഘടനയെ സംബന്ധിച്ച് പഠിക്കാൻ നിയുക്തമായിരുന്ന കമ്മീഷനുകൾ പിറവത്ത് താലൂക്ക് രൂപീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly